ഭാഷയും സംസ്കാരവും ഒരു സമകാലിക നിരീക്ഷണം

മലയമാരുതൻ വീശിയടിക്കുന്ന പുഴകൾ കളകളാരം മുഴക്കിയൊഴുകുന്ന കേരനിരകൾ നൃത്തം വയ്ക്കുന്ന സമത്വവും ഏകതയും എല്ലാം കൊടിവീശുന്ന ശാന്തമായ, സമാധാനമായ ജീവിതം മുന്നോട്ടു നയിക്കുവാൻ സാധിക്കുന്ന അതിമനോഹരമായ നാടാണ് കേരളം. അതിന്റെ നൂറ്റാണ്ടുകൾ പഴക്കമുള്ള സംസ്കാരവും ഭാഷയുമാണ് കേരളത്തിന്റെ മുഖമുദ്ര. ഭാരത സംസ്കാരം നോക്കിയാലും അങ്ങനെ തന്നെ. നാനാത്വത്തിൽ ഏകത്വം എന്ന സന്ദേശം ഉയർത്തിപിടിക്കുന്ന നാട്. ഭാരതീയ സംസ്കാരവും അതിന്റെ മൂല്യങ്ങളും ലോകപ്രസിദ്ധം തന്നെ. ഭാരതത്തിൽ അനേകം ഭാഷകൾ നിലവിലുണ്ട്. നമ്മുടെ മാതൃഭാഷയായ മലയാളം മധുരമൊഴിയാണ് ഭാരതത്തിൽ തന്നെ എവിടെയെത്തിയാലും ലോകത്തിന്റെ ഏത് ഭാഗത്തെത്തിയാലും മലയാളഭാഷ നമ്മെ വിട്ടുമാറില്ല.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ."

എന്ന് വള്ളത്തോൾ തന്റെ കവിതയിലൂടെ പറയുന്നുണ്ട്. ഭാഷ സംസ്കാരത്തിന്റെ കൈയൊപ്പുതന്നെയാണ്. ഭാഷ മാനവരുടെ അമ്മയാണ്. നാം അതിശ്രേഷ്ഠമായ

കേരളസംസ്കാരത്തിന്റെ പിൻതുടർച്ചക്കാരാണ് ശ്രേഷ്ഠ ഭാഷ പദവി ലഭിച്ച ഭാഷയാണ് നമ്മുടെ മലയാളം. കേരള സംസ്കാരം ലോകശ്രദ്ധ കൈവരിച്ചതാണ്. മാതാ, പിതാ, ഗുരു ദൈവം എന്നതാണ് സങ്കല്പം. അമ്മയും അച്ഛനും ആദ്യ സ്ഥാനവും അതിനുശേഷം ഗുരുവും ദൈവവും.

സ്ത്രീക്കും പുരുഷനും ഒരേ അവകാശങ്ങളും അധികാരങ്ങളും ഇവിടെയുണ്ട്. സംസ്കാരവുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്നു ഭാഷ. സംസ്കൃതം കലർന്ന ഭാഷയെ മലയാളമാക്കി മാറ്റിയ എഴുത്തച്ഛന്റെ നാടാണിത്. സംസ്കാരമില്ലാതെ മാനവ-രാശിയില്ല. ഭാഷയില്ലാതെ സംസ്കാരവുമില്ല. ആദിമകേരള സംസ്കാരത്തിൽ നിലനിന്നിരുന്ന അസമത്വങ്ങളും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വലിയ തോതിൽ തുടച്ചുനീക്കപ്പെട്ടിട്ടുണ്ട്. സംസ്കാരത്തിന്റെ നിലനില്പിന് ഏകതയും അസമത്വത്തിന്റെ ഇല്ലായ്മയും അടിത്തറ ആണ്. നമ്മുടെ നവോത്ഥാനനായകന്മാരുടെ പ്രയത്നം മൂലമാണ് കേരളസംസ്കാരം ഇന്നും നിലനിൽക്കുന്നത്. സംസ്കാരത്തിന്റെ നിലനില്പ് ഭാഷയെ ആശ്രയിച്ചുമാണ്. നൂറ്റാണ്ടുകളുടെ പഴക്കവും തനിമയും ഉള്ളതാണ്.

നമ്മുടെ സംസ്കാരം.

എന്നാൽ ഇന്ന് നമ്മുടെ സംസ്കാരത്തെ ഇല്ലാതാക്കുവാൻ, അതിന്റെ മൂല്യങ്ങൾ തകർക്കുവാൻ ബാഹ്യശക്തികൾ ശ്രമിക്കുന്നു. സ്ത്രീസ്വാതന്ത്ര്യം ഇല്ലാതാക്കുകയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തിരികെ കൊണ്ടുവരുവാനും ശ്രമിക്കുന്നു. അതേപോലെതന്നെ വിദേശഭാഷകളെ കൂടുതൽ ആശ്രയിക്കുവാൻ ശ്രമിക്കുകയും മലയാളഭാഷയെ വെറുക്കുകയും ഭാഷയെ അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്യുന്നു. പുതുതലമുറയാണ് ഇതിന്റെ ഏറിയ പങ്കും വഹിക്കുന്നത്. മലയാളം അല്ലെങ്കിൽ അവരുടെ മാതൃഭാഷ അറിയില്ല എന്ന് പറയുന്നത് ഒരു അലങ്കാരമായി മാറിയിരിക്കുന്നു. സംസ്കാര മൂല്യങ്ങളും ഭാഷാമൂല്യങ്ങളും ഉയർത്തിപ്പിടിക്കേണ്ടതാണ് എന്ന് അവർ അറിഞ്ഞുകൊണ്ട് തന്നെ മറക്കുവാൻ ശ്രമിക്കുന്നു. ഭാഷയും സംസ്കാരവും ഇല്ലാതെയാക്കി ഒരു സുഗമജീവിതം നയിക്കുന്നത് സാധ്യമല്ല.

വേദകാലങ്ങളിൽ സ്ത്രീക്കും പുരുഷനും സമത്വം നൽകിയിരുന്നു. സ്ത്രീക്ക് പുരുഷനൊപ്പം

കഴിവും അറിവുമുണ്ട്. വേദകാലഘട്ടത്തിനുശേഷമാണ് സ്ത്രീ സ്വാതന്ത്ര്യം നിഷേധിക്കുകയും അനാചാരങ്ങളും അസമത്വങ്ങളും വിവേചനങ്ങളും നിലവിൽ വന്നതും സംസ്കാരത്തിന്റെ തനതായ ശൈലി നഷ്ടപ്പെടുവാൻ തുടങ്ങിയതും. ഇന്ന് അത് ഏറെ ഇല്ലാതായെങ്കിലും കുറച്ചു വിഭാഗം മനുഷ്യരെങ്കിലും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തിരികെ കൊണ്ടുവരുവാൻ ശ്രമിക്കുന്നു. അത് അവരുടെ അറിവില്ലായ്മ മൂലമാണ്. ഇത് ചെറുക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. മാതൃഭാഷയും സംസ്കാരവും മനുഷ്യരുടെ ജീവനുതുല്യം പ്രാധാന്യം ഉള്ളവയാണ്. അത് ഇല്ലാതാക്കുവാൻ ശ്രമിക്കുന്നത് സ്വന്തം നാടിനോട് ചെയ്യുന്ന ഏറ്റവും വലിയ പാപമാണ്.

സ്വന്തം നാടിനെയും അതിന്റെ ഭാഷയെയും അതിന്റെ സംസ്കാരത്തെയും സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോഴാണ് അയാൾ ഒരു യഥാർത്ഥ മനുഷ്യനാകുന്നത്. നമ്മൾ നമ്മുടെ നാടിനെ ആശ്രയിക്കുകയും അതിനെ സേവിക്കുകയും ചെയ്യണം. മറ്റു നാടുകളെ ആശ്രയിക്കാതെ അവരവരുടെ ഭാഷയിലും

സംസ്കാരത്തിലും അഭിമാനം കൊള്ളുകയും വേണം.
മലയാള ഭാഷ അഥവാ മാതൃഭാഷ നമ്മുടെ അമ്മയാണ്.
അമ്മയെ ആരെങ്കിലും തള്ളിപ്പറയുമോ? ഒരിക്കലുമില്ല.
ഇന്നത്തെ തലമുറ അവരവരുടെ മാതൃഭാഷയ്ക്കാണ്
പ്രാധാന്യം നൽകേണ്ടത്. മറ്റുഭാഷകൾ അടിച്ചേൽപ്പിക്കുക
എന്നത് ഒരിക്കലും ശരിയല്ല. എന്തിന് നാം നമ്മുടെ
ഭാഷയെ വെറുക്കണം? എന്തിന് നാം നമ്മുടെ ഭാഷ
ഉപേക്ഷിച്ച് അന്യഭാഷ ഉപയോഗിക്കണം? ഭാഷ സംസ്കാ-
രത്തിന്റെ കൈയ്യൊപ്പാണ്. അവരവർ അവരവരുടെ
മാതൃഭാഷ ഉപയോഗിക്കുന്നതാണ് ഉത്തമം. ഒരാളുടെ
ഭാഷയിൽ നിന്നു തന്നെ സംസ്കാരം മനസ്സിലാക്കുവാൻ
സാധിക്കും. കുറെയേറെ പേർ മാതൃഭാഷയെ ചൂഷണം
ചെയ്യുന്നുണ്ട്. അതിനെ തെറ്റായ രീതിയിൽ ഉപയോഗി-
ക്കുന്നുണ്ട്. ഇത് സാമൂഹിക ദ്രോഹം തന്നെയാണ്.
ഭാഷയെ ബഹുമാനിക്കുകയും അതിനെ സ്നേഹിക്കുകയും
ചെയ്യേണ്ടതുണ്ട്. ഭാഷ നശിച്ചാൽ അത് സംസ്കാര-
ത്തെയും സാരമായി ബാധിക്കും. എന്നത് നിസ്സംശയം
പറയുവാൻ സാധിക്കും. ഭാഷയും സംസ്കാരവും ഒരാളുടെ
വ്യക്തിത്വത്തിന്റെ മുഖമുദ്ര തന്നെയാണ്.

സംസ്കാരവും ഭാഷയും സംരക്ഷിക്കുവാൻ സർക്കാ-
രുകൾ ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.
മാതൃഭാഷ എല്ലാ വിദ്യാലയങ്ങളിലും പ്രധാന പഠനവിഷയമാ-
ക്കി മാറ്റി. കുട്ടി പഠനം ആരംഭിക്കുമ്പോൾ മുതൽ തന്നെ
തന്റെ മാതൃഭാഷയും പഠിച്ചിരിക്കണം. മാതൃഭാഷ അറിയില്ല
എന്ന് പറയുന്നത് ഒരിക്കലും അഭിമാനാർഹമോ അല-
ങ്കാരമോ അല്ല. അത് അയാളുടെ അറിവില്ലായ്മയാണ്.
നൂറ്റാണ്ടുകൾ പഴക്കമുള്ള സംസ്കാരത്തെ മറന്ന്
ചില പ്രവർത്തികളും ഇന്ന് നടന്നുവരുന്നു. അസ-
ത്യങ്ങളും അനാചാരങ്ങളും ഒരിക്കലും സംസ്കാരത്തി-
ന്റെ നിലനില്പിന് സഹായിക്കുകയില്ല. മറിച്ച് അത്
അപകടകരമായ രീതിയിൽ ബാധിക്കുക തന്നെ ചെയ്യും.
ഭാഷയ്ക്കും സംസ്കാരത്തിനും തുല്യ പ്രാധാന്യം തന്നെയാണ്
ഉള്ളത്. വിദേശസംസ്കാരങ്ങളിലേക്ക് പോകേണ്ട ആവശ്യം
ഇല്ല. ലോകപ്രസിദ്ധമായ സംസ്കാരത്തിന് ഉടമകളാണ്
നമ്മൾ. അത് നശിപ്പിക്കാതിരിക്കുക എന്നത് മാത്രമാണ്
കർത്തവ്യം. ഭാഷയും സംസ്കാരവും ഇല്ലെങ്കിൽ നാം
ആരാണ്? അവരവരുടെ മാതൃഭാഷയും സംസ്കാരവു-
മാണ് ഏറ്റവും വലിയ സ്വത്ത്. മറ്റു സംസ്ഥാനങ്ങളിൽ

എത്തുമ്പോൾ . കേരളീയനാണെന്നും . വിദേശരാജ്യങ്ങളിൽ
. എത്തുമ്പോൾ . ഭാരതീയനാണ് . എന്ന് . പറയുമ്പോൾ . . .
ലഭിക്കുന്ന . . വില . അത് . വലുതാണ് . അതിന്റെ . ഭാഷയും .
സംസ്കാരവും . തന്നെയാണ് . ഇതിൽ . വലിയ . പങ്ക് . വഹിക്കു-
ന്നത് . മറ്റുള്ളവരിൽ . നിന്ന് . വ്യത്യസ്തമാണ് . നമ്മുടെ . .
സംസ്കാരം . അത് . നമുക്ക് . അഭിമാനാർഹവുമാണ് . . . .
മാതൃഭാഷയും . സംസ്കാരവും . ഇല്ലാതാകുന്ന . നാടിന് . .
ഒരിക്കലും . വികസനം . ഉണ്ടാകില്ല . ആദ്യകാല സംസ്കാരം
നിലനിർത്തുക . തന്നെ . ചെയ്യണം . അതിൽ . ഒരിക്കൽ .
ഇല്ലാതായ . സാമൂഹികവിപത്തുകളെ . വലിച്ചിഴയ്ക്കരുത് .
ഭാഷയും . സംസ്കാരവും . പകർന്നുനൽകുന്ന . മൂല്യങ്ങൾ .
അവരവരുടെ . വ്യക്തിത്വത്തെ . സ്വാധീനിക്കുന്ന ഘട-
കങ്ങളാണ് . ആ . മൂല്യങ്ങൾ . ഉയർത്തിപ്പിടിക്കുക . എന്നത്
നമ്മുടെ . ഉത്തരവാദിത്വമാണ് . സംസ്കാരം . ഒപ്പം . ഭാഷയും
ഇല്ലാതാക്കുന്ന . . പ്രവർത്തി . ഓരോ . വ്യക്തികളെയും . .
ബാധിക്കും . എന്ന . വാസ്തവം . നാം . ഓരോരുത്തരും .
മനസ്സിലാക്കണം . . വരും . . തലമുറകളെക്കുറിച്ച് . കൂടി .
നാം . ചിന്തിക്കണം . അവരും . ശ്രേഷ്ഠമായ . നമ്മുടെ . .
സംസ്കാരത്തിന്റെയും . . ഭാഷയുടെയും . അവകാശികളാണ് .

അവർ ഒരിക്കലും തീവ്രവാദത്തിന്റെയോ അസമത്വങ്ങളു
ടെയോ അനാചാരങ്ങളുടെയോ കൈപ്പിടിയൽ ചെടരുത്.
അതിന് നാം അവസരമൊരുക്കരുത്. അനുവദിക്കരുത്.
ഹിന്ദുവും മുസ്ലീമും ക്രിസ്ത്യനും ഏകോദര സഹോദരങ്ങ-
ളെപ്പോലെ കഴിയുന്ന ഈ നാട്ടിൽ, ഭാഷയിലും മതങ്ങളിലും
സംസ്കാരങ്ങളിലും എല്ലാം വൈവിധ്യമാർന്ന ഈ നാട്ടിൽ
സംസ്കാരത്തെയോ ഭാഷയെയോ തകർക്കുന്ന ഒരു
പ്രവർത്തികളും നടക്കുവാൻ അനുവദിക്കരുത്. സംസ്കാ-
രം എന്നത് കേവലം ദിവസങ്ങൾ കൊണ്ട് രൂപംകൊണ്ട
ഒന്നല്ല. അതേപോലെ ഭാഷയും നൂറ്റാണ്ടുകളുടെ പഴക്കവും
തനിമയും ഇടകലർന്ന ഒന്നാണ്. നമ്മുടെ പ്രവർത്തികൾ
കൊണ്ട് അതിന് യാതൊരുവിധ പ്രശ്നങ്ങളും ഉണ്ടാകാൻ
പാടില്ല. ഓരോ മതങ്ങൾക്കും അതിന്റെ സംസ്കാരം
ഉണ്ടെങ്കിലും, "ഒരു ജാതി, ഒരു മതം, ഒരു ദൈവം,
മനുഷ്യന്" എന്ന സന്ദേശത്തെ ഉൾക്കൊള്ളുന്ന നമ്മൾ
നാടിന്റെ സംസ്കാരത്തിനാണ് ഏറ്റവും പ്രാധാന്യം കല്പിക്കേ-
ണ്ടത്. സംസ്കാരത്തിൽ അധിഷ്ഠിതമാണ് നമ്മുടെ
വ്യക്തിത്വം എന്ന മഹത്തായ തിരിച്ചറിവ് നമ്മിൽ
ഉണ്ടാകണം. മാതൃഭാഷയെ നമ്മുടെ അമ്മയായി കരുതുന്ന

നാം അതിനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണം. പിറന്നുവീഴുമ്പോൾ തന്നെ നാം ഉച്ചരിക്കുന്ന ഓരോ വാക്കും അക്ഷരങ്ങളും മാതൃഭാഷയിലാണ്. നാവിൽ ആദ്യമുയരുന്ന ശബ്ദമായ അമ്മയും മാതൃഭാഷയിൽ തന്നെ. അങ്ങനെയുള്ള മാതൃഭാഷയെ ഇല്ലാതാക്കുവാൻ ശ്രമിക്കുകയോ അതിനെ അവജ്ഞതയോടെ വീക്ഷിക്കുകയോ മാതൃഭാഷയെ ഉപേക്ഷിച്ച് അന്യഭാഷയെ ആശ്രയിക്കുകയോ ചെയ്യുന്നത് എത്ര നീചമായ പ്രവർത്തിയാണ് എന്ന് നാം തിരിച്ചറിയണം. എന്റെ ഭാഷ എന്റെ അമ്മയാണ്, എന്റെ സംസ്കാരം എന്റെ വ്യക്തിത്വമാണ് എന്ന തിരിച്ചറിവ് ഉണ്ടായെങ്കിൽ മാത്രമേ ഭാഷയെയും സംസ്കാരത്തെയും സ്നേഹിക്കുവാനും സംരക്ഷിക്കുവാനും ബഹുമാനിക്കുവാനും നമുക്കു സാധിക്കുകയുള്ളൂ. നമ്മുടെ മനോഹരമായ ഭാഷയിൽ മറ്റു ഭാഷകൾ ഇടകലർത്തി അതിന്റെ തനിമയാർന്ന ശൈലി ഇല്ലാതാക്കുന്നത് തെറ്റായ പ്രവർത്തി തന്നെ. ഒരിക്കലും അതിനെ ചിന്നഭിന്നമാക്കുകയോ അതിന് ശ്രമിക്കുകയോ ചെയ്യരുത്. കുട്ടികൾ എന്ന നിലയിൽ നമ്മളാൽ കഴിയുന്ന സർവ്വ കാര്യങ്ങളും മാതൃഭാഷയെയും സംസ്കാരത്തെയും സംരക്ഷിക്കുവാനായി നാം ചെയ്യണം.

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വാക്കുകളിലൂടെയല്ല പ്രവർത്തിയിലൂടെയാണ് നാം അത് സാക്ഷാത്കരിക്കേണ്ടത്. സംസ്കാരത്തെ ഇല്ലാതാക്കുവാൻ ശ്രമിക്കുന്ന ബാഹ്യശക്തികളെ ഇല്ലാതാക്കുകയും ഭാഷയെ അവജ്ഞതയോടെ കാണുന്ന കാഴ്ചപ്പാടും നാം അവസാനിപ്പിക്കണം. ഒരിക്കലും സംസ്കാരത്തെയോ ഭാഷയെയോ ഇല്ലാതാക്കുന്നതും തനിമ നഷ്ടപ്പെടുത്തുന്നതും ആയ പ്രവർത്തികൾ നാം ചെയ്യുകയോ അതിന് ചുക്കാൻ പിടിക്കുകയോ അരുത്. നാം യുഗശില്പികളാണ്. സംസ്കാരവും ഭാഷയും സംരക്ഷിച്ച്, നമ്മുടെ നാടിന്റെ പ്രശസ്തി നൂറ്റാണ്ടുകളോളം ലോകത്തിന് മുൻപിൽ മാതൃകയായി തീരുവാൻ നമുക്ക് പ്രയത്നിക്കാം. അതിനായി പ്രയത്നിക്കുന്നവരോടൊപ്പം ഒത്തുചേർന്ന് നമുക്ക് സംസ്കാരവും ഭാഷയും സംരക്ഷിക്കാം.